# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1671

11/02/2013 - ലെ മറുപടിയ്ക്ക്

## കർഷകർക്ക് ധനസഹായം ബാങ്കുകൾ വഴി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കൃഷി വകുപ്പ് വഴി നടപ്പാക്കിയ പദ്ധതിയുടെ ധനസഹായം കർഷകർക്ക് ബാങ്കുകൾ വഴി നൽകുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | **(എ)** ഉണ്ട്. സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്.)നം.152/2012 തീയതി 19/06/2012 പ്രകാരം ഇ-പേമെന്റ് പദ്ധതി നടപ്പാക്കി വരുന്നു. കൃഷി ഭവൻ വഴി കർഷകർക്ക് ലഭ്യമാക്കുന്ന കൃഷിയ്ക്കുള്ള ആനുകൂല്യങ്ങൾ അവരുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതു വഴി കർഷകന് ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം കുറയ്ക്കുകയും ചെയ്യുന്നു. ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ സംഘം ബാങ്കുകൾ നിന്നുമുള്ള അക്കൗണ്ടുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| **(ബി)** പ്രസ്തുത പദ്ധതിയുടെ സവിശേഷതകൾ എന്തൊക്കെയാണ് ; വിശ ദാംശങ്ങൾ എന്തെല്ലാം ; | **(ബി)** 1) ഇ-പേമെന്റ് നടപ്പിലാക്കുക വഴി കർഷകർക്കുള്ള ആനുകൂല്യങ്ങൾ യഥാസമയം അവരുടെ അക്കൗണ്ടിൽ എത്തുകയും അതുവഴി കൃഷി സമയബന്ധിതമായി ചെയ്യുവാനും സാധിക്കുന്നു.<br><br>2) കർഷകർക്ക് ആനുകൂല്യം ലഭിക്കുന്നതിനായി പല പ്രാവശ്യം ഓഫീസിൽ കയറിയിറങ്ങുന്നതിന്റെ ബുദ്ധിമുട്ട് അവസാനിക്കും. |

3) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ എളുപ്പത്തിൽ ലഭ്യമാക്കുന്നതാണ്.

4) സർക്കാർ സംവിധാനത്തിലെ പണം വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും സഹായിക്കും.

5) കാർഷിക വിജ്ഞാന വ്യാപന പ്രവർത്തകരായ കൃഷി ഓഫീസർമാർക്ക് ഫീൽഡിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും ഇത് സഹായിക്കും.

**(സി)** പ്രസ്തുത പദ്ധതി എവിടെയൊക്കെ നടപ്പാക്കിയിട്ടുണ്ട് ; വിശദമാക്കുമോ ;

**(സി)** സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരുന്നു.

**(ഡി)** സംസ്ഥാനത്ത് എല്ലായിടത്തും ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

**(ഡി)** നിലവിൽ തന്നെ സംസ്ഥാനത്തൊട്ടാകെ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ